മലയാള മനോരമ
ESTABLISHED 1888
16 January 2019



സിഎംഎഫ്ആർഐയിൽ തുടങ്ങിയ രാജ്യാന്തര ഫിഷറീസ് ശിൽപശാല എംപിഇഡിഎ ചെയർമാൻ കെ.എസ്.ശ്രീനിവാസ് ഉദ്ഘാടനം ചെയ്യുന്നു. ഡോ. മനോജ് നർദ്യോ സിങ്, ഡോ.ടി.വി.സത്യാനന്ദൻ, ഡോ. ഇമൽഡ ജോസഫ്, ഡോ.ബോബി ഇഗ്നേഷ്യസ് എന്നിവർ സമീപം.

# രാജ്യാന്തര ഫിഷറീസ് ശിൽപശാല തുടങ്ങി

കൊച്ചി • ആഫ്രിക്കൻ-ഏഷ്യൻ രാജ്യങ്ങളിലെ പ്രതിനിധികളെ പരിശീലിപ്പിക്കാൻ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) രാജ്യാന്തര ഫിഷറീസ് ശിൽപശാല തുടങ്ങി.

ആഫ്രിക്കൻ ഏഷ്യൻ റൂറൽ ഡവലപ്മെന്റ് ഒർഗനൈസേഷനിലെ (ആർഡോ) അംഗരാജ്യങ്ങളായ ഒമാൻ, തായ്‌വാൻ, സിറിയ, ലബനൻ, തുനീസിയ, ലിബിയ, മൊറോക്കോ, മലാവി, മൊറീഷ്യസ്, ബംഗ്ലദേശ്, ശ്രീലങ്ക, സാംബിയ എന്നീ രാജ്യങ്ങളിൽ നിന്നുള്ള 14 പേരാണ് ശിൽപശാലയിൽ പങ്കെടുക്കുന്നത്. സമുദ്രോൽപന്ന കയറ്റുമതി വികസന അതോറിറ്റി (എംപിഇഡിഎ) ചെയർമാൻ കെ.എസ്. ശ്രീനിവാസ് ഉദ്ഘാടനം ചെയ്തു.

ടി.വി. സത്യാനന്ദൻ അധ്യക്ഷത വഹിച്ചു. ആർഡോ അസി. സെക്രട്ടറി ജനറൽ ഡോ. മനോജ് നർദ്യോ സിങ്, ഇമൽഡ ജോസഫ്, ബോബി ഇഗ്നേഷ്യസ് എന്നിവർ പ്രസംഗിച്ചു.